# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.566 28.09.2016-ൽ മറുപടിക്ക്**

## പട്ടയം ലഭിച്ച ഭൂമിയിലെ മരങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എം.എം.മണി** | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) ഇടുക്കി ജില്ലയിലെ കർഷകർക്ക് പട്ടയം ലഭിച്ച ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ പട്ടയഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നത് തടസ്സപ്പെടുത്തി ഇറങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) ഈ മേഖലയിൽ മരങ്ങൾ മുറിക്കുന്നതിന് തടസ്സം ഉണ്ട്.<br>ഇടുക്കി ജില്ലയിലെ ഹൈറേഞ്ച് മേഖലയിലെ ഭൂരിഭാഗം വില്ലേജുകളും 1986-ലെ വൃക്ഷ സംരക്ഷണനിയമത്തിലെ 5-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഇവിടങ്ങളിൽ ജീവനും സ്വത്തിനു ഭീഷണിയായിട്ടുള്ളതോ, വീണു കിടക്കുന്നതോ, കേടു വന്നതോ, ഉണങ്ങിയതോ ആണെന്ന കാരണത്താലല്ലാതെ മരങ്ങൾ മുറിക്കുവാൻ പാടില്ല. ഇത്തരത്തിൽ മരം മുറിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതി ആവശ്യവുമാണ്. ഇതുകൂടാതെ 2005-ലെ കേരള വനേതര പ്രദേശ-ങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ സെക്ഷൻ 6 (3) പ്രകാരം ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ കണ്ണൻദേവൻ ഹിൽസ്, കാന്തല്ലൂർ, മാങ്കുളം, മന്നാങ്കണ്ടം, മറയൂർ, പള്ളിവാസൽ എന്നീ വില്ലേജുകളും തൊടുപുഴ താലൂക്കിലെ അറക്കുളം, ഇടുക്കി വില്ലേജുകളും വിജ്ഞാപനം ചെയ്തിട്ടുണ്ട്. |

...2)

ഈ വില്ലേജുകളിലെ വനേതര പ്രദേശങ്ങളിലെ മരം മുറിക്കുന്നതിന് മേൽ നിയമപ്രകാരം നിയന്ത്രണങ്ങളുണ്ട്.

ബഹു. കേരള ഹൈക്കോടതിയുടെ WA-2766/15 നമ്പർ കേസിലെ വിധിയിൽ 5-ാം വകുപ്പ് മൊത്തം സി.എച്ച്.ആർ. മേഖലയ്ക്കും ഏലകൃഷി നടത്തിവരുന്ന മറ്റ് ഏതെങ്കിലും സ്ഥലങ്ങൾക്കും ബാധകമാണ് എന്ന് നിരീക്ഷിച്ചിട്ടുണ്ട്. ഗ്രീൻ ട്രൈബ്യൂണൽ (ദക്ഷിണമേഖല) 373/2013 നമ്പർ അപേക്ഷയിലെ 28.05.2015-ലെ വിധിയിലും സമാനമായ നിരീക്ഷണം നടത്തിയിട്ടുണ്ട്. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ടി ഹൈക്കോടതി വിധി കൃത്യമായി നടപ്പിലാക്കുന്നതിന് എല്ലാ വനം വകുപ്പ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.)

ബി) പട്ടയഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നു എന്ന് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പരാതി ലഭിച്ചിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഇത്തരം പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു.

. . . .3)

| | | | |
|---|---|---|---|
| സി) | പട്ടയം ലഭിച്ച ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് അവസാനമായി പുറത്തിറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | 15.12.2015 തീയതിയിലെ സ.ഉ (എം.എസ്) 103/വനം നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-2 ആയും 09.07.2015 തീയതിയിലെ സ.ഉ (എം.എസ്) 49/15/വനം. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-3 ആയും ചേർത്തിട്ടുണ്ട്. |
| ഡി) | മരച്ചില്ലകൾ മുറിക്കുന്നതു പോലും വനം വകുപ്പ് അധികൃതർ തടസ്സപ്പെടുത്തുന്നു വെന്ന പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കർഷകരുടെ ന്യായമായ ആവശ്യങ്ങൾക്ക് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി വനം വകുപ്പ് പരിഹാര നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

(11) ന്യായവിധി - I



Dr. B.S. Corrie IFS
PRINCIPAL CHIEF CONSERVATOR OF FORESTS &
HEAD OF FOREST FORCE,
KERALA.

Forest Headquarters,
Vazhuthacaud,
Thiruvananthapuram-695 014
Kerala, India.
☎ 0471 - 2339593
Mob: 9447979014
Fax: 0471 - 2338808
e-mail: pccf@forest.kerala.gov.in

No.HoFF/Gen /2015 Dated, 08/04/2016

To

All PCCFs/ APCCFs/CCFs/CFs/DCFs/ACFs/RFOs

Sir,

Sub : Felling of trees in Notified areas - Range Officers - attention - reg.

Ref : Judgement in WP (C) No. 29534/2015 dtd 16.03.2016

1. It has come to notice that based on Revenue Officers Certificate felling of trees in Section 5 notified areas of the Kerala Preservation of Trees Act, 1986 is taking place. As per provisions of the said Act the Authorized Officer to grant permission for felling of trees in notified area is Range Forest Officer.

2. In the judgment referred above it has been held that for felling in the notified area application is to be made before the officer under the said Act, 1986. Copy of the judgment is available in the department website for perusal.

3. All officers are to strictly follow the provisions of the Act and direction of the Hon'ble High Court.

4. It has also come to notice that attempts have been made to violate the direction of the Hon'ble High Court and the provisions of the Act. All check post will be on high level alert; all Flying Squad Units will patrol areas vigorously so that there is no scope for violation of directions. The DFOs, Circle level officers, Regional APCCFs and Flying Squad Units will review implementation, conduct surprise checks and make a report on action taken each week to immediate superior. The Regional Addl. Pri. Chief Conservator of Forests and Conservator of Forests (I&E) will submit report this regard to Addl. Pri. Chief Conservator of Forests (F,L & R) who will be overall in-charge to oversee the implementation of the order.

5. The Circle officers may kindly take up matter with the District Collectors so that suitable instructions are issued by District Collectors to the subordinate staff of revenue department.

Yours faithfully,

Head of Forest Force

**കേരള സർക്കാർ**

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ഗിരിജൻ സെറ്റിൽമെന്റിൽ നിന്നും ആഞ്ഞിലിയും പ്ലാവും മുറിക്കുവാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ. (എം.എസ്)നം.103/2015/വനം                    തീയതി, തിരുവനന്തപുരം, 15.12.2015.

---

**പരാമർശം :-**
1. ഭാരതീയ ആദിവാസി സേവാകാര്യാലയം ചെയർമാന്റെ 15.06.2015-ലെ കത്ത്.
2. 15.03.1993-ലെ സ.ഉ.(എം.എസ്.)നം.23/93/വനം നമ്പർ ഉത്തരവ്.
3. 19.05.1993-ലെ സ.ഉ.(എം.എസ്.)നം.36/93/വനം നമ്പർ ഉത്തരവ്
4. 27.05.2015-ലെ സ.ഉ.(എം.എസ്.)നം. 40/2015/വനം നമ്പർ ഉത്തരവ്
5. 09.07.2015-ലെ സ.ഉ.(എം.എസ്.)നം.49/2015/വനം നമ്പർ ഉത്തരവ്.
6. 13.08.2015-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം)-ന്റെ പ്രൊ(5)-37617/15 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) പ്രകാരം വനഭൂമിയിൽ നിലവിൽ പട്ടയം ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ പട്ടയക്കാർക്കും ഗിരിജൻ സെറ്റിൽമെന്റുകളിൽ വസിക്കുന്ന ഗിരിജനങ്ങൾക്കും ഇനങ്ങളിൽപ്പെട്ട മരങ്ങൾ മുറിച്ചെടുത്ത് ഉപയോഗിക്കുവാൻ അനുവാദം നൽകിയിരുന്നു. ഇതിൽ പരാമർശം (3) പ്രകാരം പ്ലാവും ആഞ്ഞിലിയും മുറിക്കുന്നതിനുള്ള അനുമതി നിർത്തലാക്കുകയും ചെയ്തിരുന്നു.

പരാമർശം (4) പ്രകാരം 19.05.1993-ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി പട്ടയഭൂമിയിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി മരങ്ങൾ റവന്യൂ, വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമായി മുറിച്ചു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

പരാമർശം (5)-ലെ സർക്കാർ ഉത്തരവു പ്രകാരം "വനം റവന്യൂ ഉദ്യോഗസ്ഥരുടെ അനുമതിക്കു വിധേയമായി" എന്ന പരാമർശം (4)-ലെ നിബന്ധന ഒഴിവാക്കി പട്ടയ ഭൂമിയിൽ നിന്ന് പ്ലാവും ആഞ്ഞിലിയും മുറിക്കുവാൻ അനുമതി നൽകി സൂചന(4)-ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവായി.

പരാമർശം (4)-ലെയും 5-ലെയും ഉത്തരവുകളിലൂടെ ലഭ്യമായ ആനുകൂല്യം പരാമർശം (2)-ലെ ഉത്തരവിൽ ഗിരിജൻ സെറ്റിൽമെന്റുകളിൽ വസിക്കുന്ന ഗിരിജനങ്ങൾക്ക്

കൂടി ലഭ്യമായിരുന്നു എന്നും ആയതിനാൽ ടി ആനുകൂല്യം ഗിരിജൻ സെറ്റിൽമെന്റുകളിലെ ഗിരിജനങ്ങൾക്കു കൂടി തുടർന്നും ലഭ്യമാക്കണമെന്നും ഭാരതീയ ആദിവാസി കാര്യാലയം ചെയർമാൻ പരാമർശം (1)-ലെ കത്തിലൂടെ ആവശ്യപ്പെട്ടു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം) -ന്റെ പരാമർശം (5) പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 27.05.2015-ലെ സ.ഉ.(എം.എസ്.)നം.40/2015/വനം പരാമർശം (4), 09.07.2015-ലെ സ.ഉ.(എം.എസ്.)നം.49/ 2015/വനം പരാമർശം(5), എന്നീ ഉത്തരവുകൾ പ്രകാരം പട്ടയഭൂമിയിൽ നിൽക്കുന്ന ആഞ്ഞിലിയും, പ്ലാവും മുറിക്കുന്നതിന് അനുമതി നൽകിയതുപോലെ ഗിരിജൻ സെറ്റിൽമെന്റുകളിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി എന്നീ വൃക്ഷങ്ങൾ ഗിരിജൻ സെറ്റിൽമെന്റുകളിലുള്ള ഗിരിജനങ്ങൾക്കും കൂടി 'റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ അനുമതിക്കു വിധേയമായി' എന്ന നിബന്ധനയില്ലാതെ മുറിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പി.മാരപാണ്ഡ്യൻ**
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ്, ഫോറസ്റ്റ്, വഴുതക്കാട്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ( സംരക്ഷണം ), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ&ഇ ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വി & എം.) വകുപ്പ്.
വെബ്ബ് & മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

ന.൧

അന്വേഷണ III
309

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - പട്ടയ ഭൂമിയിൽ നിന്നും ആഞ്ഞിലിയും പ്ലാവും മുറിക്കുവാൻ അനുമതി നൽകിയ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ. (എം.എസ്.)നം. 49/2015/വനം തീയതി, തിരുവനന്തപുരം, 09.07.2015.

---

പരാമർശം : 1. 15.03.1993-ലെ സ.ഉ.(എം.എസ്.)നം.23/93/വനം നമ്പർ ഉത്തരവ്.

2. 19.05.1993-ലെ സ.ഉ.(എം.എസ്.)നം. 36/93/വനം നമ്പർ ഉത്തരവ്.

3. 27.05.2015-ലെ സ.ഉ. (എം.എസ്.)നം.40/15/വനം നമ്പർ ഉത്തരവ്.

4. 03.07.2015-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ പ്രൊ(6)4909/13 നമ്പർ കത്ത്.

**ഉത്തരവ്**

സൂചന (1) പ്രകാരം വനഭൂമിയിൽ നിലവിൽ പട്ടയം ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ പട്ടയക്കാർക്കും ഗിരിജൻ സെറ്റിൽമെന്റുകളിൽ വസിക്കുന്ന ഗിരിജനങ്ങൾക്കും 11 ഇനങ്ങളിൽപ്പെട്ട മരങ്ങൾ മുറിച്ചെടുത്ത് ഉപയോഗിക്കുവാൻ അനുവാദം നൽകിയിരുന്നു. ഇതിൽ സൂചന(2) പ്രകാരം പ്ലാവും ആഞ്ഞിലിയും മുറിക്കുന്നതിനുള്ള അനുമതി നിർത്തലാക്കുകയും ചെയ്തിരുന്നു.

സൂചന (3) പ്രകാരം 19.05.1993-ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി പട്ടയഭൂമിയിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി മരങ്ങൾ റവന്യൂ, വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമായി മുറിച്ചു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

02.07.2015-ലെ ബഹു. വനംവകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പരാമർശം (3) -ലെ സർക്കാർ ഉത്തരവിൽ മരം മുറിക്കുന്നതിന് മുമ്പ് റവന്യൂ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തണമെന്ന നിബന്ധന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്നും ആയതിനാൽ ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നു തീരുമാനിച്ചതിനെ തുടർന്ന് പരാമർശം (4)-ലെ കത്തു പ്രകാരം സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് നൽകിയ ശുപാർശ അംഗീകരിച്ച് 27.05.2015-ലെ സ.ഉ.(എം.എസ്.)

നം.40/15/വനം ഉത്തരവിന്റെ രണ്ടാം ഖണ്ഡികയിൽ "വനം, റവന്യൂ ഉദ്യോഗസ്ഥരുടെ അനുമതിക്കു വിധേയമായി" എന്ന നിബന്ധന ഒഴിവാക്കി പട്ടയ ഭൂമിയിൽ നിന്ന് ആഞ്ഞിലിയും പ്ലാവും മുറിക്കുവാൻ അനുമതി നൽകി പരാമർശം (3)-ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**പി.മാരപാണ്ഡ്യൻ,**
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്. തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്), തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ&ഇ ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. വനം വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
വനംവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്.

സെക്ഷൻ ഓഫീസർ